"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR) - ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായുള്ള സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും NIPMRന്റെ സേവനം ഉപയോഗപ്പെടുത്താൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.225/2024/LSGD തീയതി,തിരുവനന്തപുരം, 26-01-2024

പരാമർശം:-

1. സ.ഉ.(സാധാ)നം.1701/2020/തസ്വഭവ, തീയതി 22.09.2020
2. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
3. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR) എക്സിക്യൂട്ടിവ് ഡയറക്ടറുടെ 12.07.2023ലെ NIPMR/SJD/56/2023 നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണസംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.01.2024-ന്ന നടന്ന യോഗത്തിന്റെ 4.31 നമ്പർ തീരുമാനം

**ഉത്തരവ്**

സംസ്ഥാന സാമൂഹ്യനീതി വകപ്പിനു കീഴിൽ ഭിന്നശേഷി പുനരധിവാസ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ). ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്യുപേഷണൽ തെറാപ്പി, ഓഡിയോ ടെസ്റ്റുകൾ, ഡെവലപ്മെന്റ് തെറാപ്പി, ഡയറ്റീഷ്യന്റെ സേവനം എന്നിവ നൽകുന്നതോടൊപ്പം സെറിബ്രൽ പാൾസി, ഓട്ടിസം, ഇന്റലക്ചൽ ഡിസെബിലിറ്റി ബാധിതരായ കുട്ടികൾ എന്നിവർക്കായുള്ള സ്പെഷ്യൽ സ്കൂൾ സൗകര്യവും NIPMR നൽകുന്നുണ്ട്. ഒപ്പം ഫിസിയാട്രിസ്റ്റ്, ഡെവലപ്മെന്റൽ പീഡിയാട്രീഷ്യൻ എന്നിവരുടെ സേവനവും, കൂടാതെ ഭിന്നശേഷിക്കാർക്കായി എല്ലാ രീതിയിലുമുള്ള പ്രോസ്തറ്റിക്സ് & ഓർത്തോട്ടിക്ക് ഉപകരണങ്ങളും നിർമ്മിക്കുന്നുമുണ്ട്. സ്ഥാപനത്തിൽ നിന്നും പ്രോസ്തറ്റിക്സ് & ഓർത്തോട്ടിക്ക് ഉപകരണങ്ങൾ വാങ്ങാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പരാമർശം 1, 2 പ്രകാരം അനുമതി നൽകിയിട്ടുള്ളതുമാണ്.

2. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ഭിന്നശേഷിക്കാർക്കായുള്ള സ്ഥാപനങ്ങൾ സജ്ജീകരിക്കുന്നതിന് ഈ മേഖലയെക്കുറിച്ച് ശാസ്ത്രീയ പരിജ്ഞാനമില്ലാത്ത ഏജൻസികളാണ് നിലവിൽ ടെണ്ടറുകൾ ഏറ്റെടുക്കുന്നതെന്നും ഇവർ ഒരുക്കുന്ന സംവിധാനങ്ങൾ/ സജ്ജീകരണങ്ങളുടെ ശാസ്ത്രീയതയും ഗുണനിലവാരവും പരിശോധിച്ച് ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളോ സാങ്കേതിക വിദഗ്ധരോ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ

ലഭ്യമല്ലാത്തതിനാൽ പദ്ധതി നടത്തിപ്പിന്റെ ഗുണം ഗുണഭോക്താക്കൾക്ക് പ്രാപ്യമാകുന്നില്ലായെന്നും തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തി വരുന്നതും പുതിയതായി ആരംഭിക്കുന്നതുമായ ബഡ്സ് സ്കൂളുകൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ, സ്കൂളുകളിലെ ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് റൂമുകൾ എന്നിവയ്ക്കാവശ്യമായ ഉപകരണങ്ങൾ നൽകുന്നതിനും ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിനും NIPMR ൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ മൊബിലിറ്റി ആന്റ് അസിസ്റ്റീവ് ടെക്നോളജി (C MAT) ന് സാധിക്കുമെന്നതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്പോൾ നടത്തി വരുന്നതും പുതുതായി ആരംഭിക്കുന്നതുമായ ബഡ്സ് സ്കൂളുകൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ, സ്കൂളുകളിലെ ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് റൂമുകൾ എന്നിവയ്ക്കാവശ്യമായ ഉപകരണങ്ങൾ നൽകുന്നതിനും ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിനും NIPMR നെ ചുമതലപ്പെടുത്തി നടപ്പാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR) എക്സിക്യൂട്ടിവ് ഡയറക്ടർ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. പരാമർശം ( 4 ) - ലെ ബഹു. തസ്വഭവകുപ്പ് മന്ത്രി അധ്യക്ഷനായ വകുപ്പുതലയോഗത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ച തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്പോൾ നടത്തി വരുന്നതും പുതുതായി ആരംഭിക്കുന്നതുമായ ബഡ്സ് സ്കൂളുകൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ, സ്കൂളുകളിലെ ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് റൂമുകൾ എന്നിവയ്ക്കാവശ്യമായ ഉപകരണങ്ങൾ/സജ്ജീകരണങ്ങൾ NIPMR-ൽ നിന്നു വാങ്ങുന്നതിനും NIPMR-ന്റെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എക്സിക്യൂട്ടിവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR), കല്ലേറ്റുംകര, തൃശ്ശൂർ
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാകളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്